DESPATCHED
On.16/3/22...

11/3/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 981 *(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **5835**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കൊപ്പത്ത് ഷൗക്കത്തലി,
സഫ കോംപ്ലക്സ്, നമ്പർ 2/19 എ,
സൗത്ത് തൃത്താല, പി.ഒ.തൃത്താല,
പാലക്കാട് - 679 534.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ജില്ലാ രജിസ്ട്രാർ ജനറൽ, സിവിൽ സ്റ്റേഷൻ, പാലക്കാട് പി.ഒ., പിൻ - 678 001.

2. അപ്പീൽ അധികാരി& രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, (ഉത്തര-മദ്ധ്യമേഖല), തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.12.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.01.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.04.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.04.2014 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷൗക്കത്തലി, 11.04.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 19.04.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.981(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.12.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഹർജിക്കാരന് കുടുംബസ്വത്ത്പരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നതിന്റെ ഭാഗമായി നടന്നിട്ടുള്ള രജിസ്ട്രേഷനുകളിൽ പൊരുത്തക്കേടുകളുണ്ടെന്ന് സൂചിപ്പിച്ച അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടി പരാതിയുടെ നടപടിക്രമങ്ങൾ അറിയാൻ പല പ്രാവശ്യം ഓഫീസിൽ അന്വേഷണം നടത്തിയതിന്റെ ഭാഗമായി 3 മാസവും 14 ദിവസവുമായപ്പോൾ ഒരു കത്തു ലഭിക്കുകയും കത്തിലെ തീയതി മുതൽ 32-ാം ദിവസം ആധാരമെഴുത്തുകാരനെ ടി ഓഫീസിലേയ്ക്ക് ഹിയറിംഗിനു വിളിച്ചുവെന്ന് അറിയാൻ കഴിഞ്ഞുവെന്നും തുടർന്നുള്ള നടപടിക്രമങ്ങൾ അറിയാൻ കഴിയാത്തതിനാൽ പലപ്രാവശ്യം അന്വേഷിക്കുകയും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടാൽ നൽകാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ സമർപ്പിച്ചതെന്നുമാണ്. ആയതിന് 07.12.2013ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി ഓഫീസിൽ നേരിട്ട് ഹാജരായി ടിയാന് ആവശ്യമുള്ള പകർപ്പുകൾ വിവരാവകാശ നിയമം അനുശാസിക്കുന്ന മറ്റു വിധത്തിലോ പേജൊന്നിന് 2/- രൂപാ നിരക്കിൽ ഫീസടച്ച് ആവശ്യമായ പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്നും ഫയൽ നോട്ട് 16 പേജും കറസ്പോണ്ടൻസ് ഫയൽ 106 പേജും ഉള്ളതിനാൽ 244/- രൂപ ഒടുക്കണമെന്നുമാണ്.ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 22.01.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടു

ത്തിയിരിക്കുന്നത്, അപ്പീൽ ഹർജിയിൽ തുടർ നടപടികൾ സ്വീകരിക്കുന്ന തിന്റെ ഭാഗമായി 08.01.2014 തീയതിയിലെ കത്തിലെ നിർദ്ദേശം ടിയാന് നൽകുകയും എതിർകക്ഷിയുടെ വിശദീകരണവും അനുബന്ധങ്ങളും ടി ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും സമാന രീതിയിൽ ടിയാന് അവസരം നൽകുകയും ടിയാൻ 22.01.2014ന് ടി ഓഫീസിൽ ഹാജരായി മൊഴി നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയും അനുബന്ധങ്ങളും മൊഴിയും എതിർകക്ഷിയുടെ വിശദീകരണവും പരിശോധിച്ചതിൽ ഹർജിക്കാരന്റെ 03.12.2013ലെ അപേക്ഷയ്ക്ക് ജില്ലാ രജിസ്ട്രാർ(ജനറൽ, പാലക്കാട്)/പൊതുവിവരാവകാശ ഓഫീസർ 07.12.2013ലെ കത്തിലൂടെ സമയപരിധിയ്ക്കകം മറുപടി നൽകിതായി കാണുന്നുവെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പ് നിയമാനുസൃതം നൽകാനും ഇപ്രകാരം നടപടികളൊന്നും തന്നെ നടത്തിയിട്ടില്ലെങ്കിൽ നടപടികൾ അടിയന്തിരമായി നടത്തി ആയതിന്റെ പകർപ്പ് ഹർജിക്കാരന് 15 ദിവസത്തിനകം നൽകാനും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പുകൾ നിയമാനുസരണം നൽകുവാനും നടപടികൾ ഒന്നുംതന്നെ നടത്തിയിട്ടില്ലെങ്കിൽ അടിയന്തിരമായി നടത്തി ആയതിന്റെ പകർപ്പ് ഹർജിക്കാരന് 15 ദിവസത്തിനകം നൽകുവാനും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്. കൂടാതെ ടി തീരുമാനം തൃപ്തികരമല്ലെങ്കിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ അന്തിമ അപ്പീൽ സമർപ്പിക്കാമെന്നുമാണ് അറിയിച്ചതെന്നും ടി ഉത്തരവിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതെ പകർപ്പുകൾ ഫീസൊടുക്കി കൈപ്പറ്റണമെന്നാണ് എസ്.പി.ഐ.ഒ. അറിയിച്ചതെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് ഫയൽ പരിശോധിക്കാനുള്ള അവസരം നൽകണമെന്നു ഒന്നാം എതിർകക്ഷിയ്ക്ക്

കമ്മീഷൻ നിർദ്ദേശം നൽകുന്നു. കൂടാതെ പ്രസ്തുത ഫയൽ പരിശോധിച്ച ശേഷം ആവശ്യമുള്ള പകർപ്പുകൾ നിയമം അനുശാസിക്കുന്ന തുക അടച്ച് കൈപ്പറ്റാവുന്നതാണെന്ന് ഹർജിക്കാരനോടും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 11–ാം തീയതി കമ്മീഷൻ തീർപ്പാക്കി

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/